**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4965** 22/05/2017 -ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ എസ്.എസ്.എൽ. സി സർട്ടിഫിക്കറ്റുകളിൽ തെറ്റുകൾ കടന്നു കൂടാതിരിക്കുന്നതിന് എന്തെങ്കിലും മുൻ കരുതലുകൾ എടുത്തിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (എ) പരീക്ഷാഭവൻ 2016 ഒക്ടോബർ 21 ന് എസ് എസ് എൽ സി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ ശേഷം എ ലിസ്റ്റാക്കുകയും 'എ' ലിസ്റ്റിൽ വിദ്യാർത്ഥികളുടെ തെറ്റ് വന്ന വിവരങ്ങൾ പ്രധാനാധ്യാപകർ ഇ-മെയിൽ ചെയ്യുന്നതിനനുസരിച്ച് തിരുത്തി നൽകുകയും ചെയ്തിരുന്നു. കൂടാതെ മെയ് 5 ന് എസ് എസ് എൽ സി റിസൾട്ട് പ്രഖ്യാപിച്ചശേഷം വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് പ്രിവ്യൂ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നൽകുകയും വിദ്യാർത്ഥികളുടെ വിവരങ്ങളിലെ തെറ്റുകൾ ഉണ്ടെങ്കിൽ അറിയിക്കുവാൻ എല്ലാ പ്രധാന അധ്യാപകർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാന അധ്യാപകരിൽ നിന്നുള്ള അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തിരുത്തലുകൾ കമ്പ്യൂട്ടർ ഡാറ്റയിൽ വരുത്തുന്ന നടപടി നടന്നു വരുന്നു. ഇപ്രകാരം എല്ലാ തിരുത്തലുകളും വരുത്തിയ ശേഷമാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. |
| (ബി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തെറ്റ് തിരുത്തുവാനായി 2015 ലും, 2016 ലും എത്ര അപേക്ഷകൾ വീതം ലഭിച്ചുവെന്നും അതിൽ ഇനിയും തെറ്റുതിരുത്തി നൽകുവാനുള്ളവ എത്രയാണെന്നും അറിയിക്കാമോ? | (ബി) 2015 ൽ എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്താനായി 3119 അപേക്ഷകൾ ലഭിച്ചു. മുഴുവൻ സർട്ടിഫിക്കറ്റുകളും തെറ്റു തിരുത്തി നൽകി. 2016 ൽ 1000-ൽ താഴെ അപേക്ഷകൾ ലഭിച്ചു. ലഭിച്ച അപേക്ഷകൾ തെറ്റു തിരുത്തി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ